THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

| വാല്യം 168 | ഫെബ്രുവരി 2015 | ലക്കം 2 |
|---|---|---|



# ബിഷപ്പിന്റെ കത്ത്

**"സീയോനിൽ കാഹളം ഊതുവിൻ, ഒരു ഉപവാസം നിയമിപ്പിൻ: സഭായോഗം വിളിപ്പിൻ; ജനത്തെ കൂട്ടി വരുത്തുവിൻ; സഭയെ വിശുദ്ധീകരിപ്പിൻ; മൂപ്പന്മാരെ കൂട്ടിവരുത്തുവിൻ; പൈതങ്ങളെയും മുലകുടിക്കുന്നവരെയും ഒരുമിച്ച് കൂട്ടുവിൻ, മണവാളൻ മണവറയും മണവാട്ടി ഉള്ളറയും വിട്ടു പുറത്തു വരട്ടെ".** (യോവേൽ 2:15-16)

കർത്താവിൽ പ്രിയരേ,

വിശ്വാസസമൂഹം വലിയ നോമ്പിന്റെ കാലഘട്ടത്തിലേക്ക് പ്രവേശിക്കുവാൻ പോകുകയാണല്ലോ. ഓരോ വർഷത്തിലേയും നോമ്പ് കാലയളവ്



ഏറ്റവും ഭയഭക്തിപൂർവ്വം നാമാചരിക്കുന്ന പതിവുണ്ടല്ലോ. വർഷത്തിലൊരിക്കൽ ഇപ്രകാരമുള്ള ക്രമീകരണങ്ങൾക്ക് പല അടിസ്ഥാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. എല്ലാ മതസംഹിതകളിലും പ്രധാനാനുഷ്ഠാനങ്ങളിലൂടെയും വ്യതശുദ്ധീകരണങ്ങളിലൂടെയും ശരീരത്തിനും ആത്മാവിനും സജീവത നൽകപ്പെടുന്ന ഇത്തരം ക്രമീകരണങ്ങളുണ്ട് എന്നത് പരമപ്രധാനമാണ്. ഒരു വ്യക്തിയുടെ ശരീരാത്മാദേഹിക്ക് പുതുക്കം ലഭിക്കുന്ന വ്യത്യസ്തമായ അനുഭവമാണ് നോമ്പുകാലം. സഭാവിശ്വാസികളെ സംബന്ധിച്ച് ''അൻപതു നോമ്പ്'' എന്നറിയപ്പെടുന്ന വലിയ നോമ്പ് മഹായിടവകയിലെ എല്ലാ വിശ്വാസികൾക്കും വർജനങ്ങളുടെ കാലമാകട്ടെ എന്ന് ആശംസിക്കുന്നു.

നോമ്പ് ചില സ്വഭാവങ്ങളുടെ, ശീലങ്ങളുടെ വർജനവും ജീവിത ശൈലിയിലുള്ള പുതുക്കത്തിന്റെയും ക്രമീകരണങ്ങളാണ്. നാം പാലിച്ചുവരുന്ന

ജീവിതശൈലിയിൽ നമ്മുടെ വിശ്വാസ ജീവിതവുമായി പൊരുത്തപ്പെടുന്നതിനുള്ള നിഷ്ഠയുമാണ് നോമ്പ്. യെശ. 58-ൽ പ്രവാചകൻ 'ദൈവത്തിനിഷ്ടമുള്ള നോമ്പ്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ക്രമരഹിതവും അന്യായവുമായ സാഹചര്യങ്ങൾ പീഡിപ്പിക്കപ്പെടുന്ന പുരുഷാരത്തോട് പക്ഷംചേർന്ന് പങ്കുവയ്ക്കുന്നതിനെയാണ് നോമ്പ് എന്ന് വിശേഷിപ്പിക്കുന്നത്. അങ്ങനെയെങ്കിൽ നമ്മുടെ ഉപവാസം ദൈവത്തോട് ഒരുമിച്ചുള്ള ഉപവാസം ജഡികതയെക്കാൾ ആന്തരികമാകുമ്പോൾ ഭക്ഷണം വെടിയുന്നതും ലോകസുഖങ്ങൾ ഉപേക്ഷിക്കുന്നതും മറ്റൊരാളുടെ വിശപ്പടക്കുന്നതും തണുപ്പകറ്റുന്നതുമായി മാറേണ്ടതാണ്. നമ്മുടെ ഉപവാസം പലപ്പോഴും സമ്പാദിക്കുന്നതിനുള്ള ഉപാധിയായിത്തീരുന്നത് ശരിയല്ല. അതുകൊണ്ട് നോമ്പിലെ അതതു ദിവസത്തെ ഉപേഷണ അരിയും പണവും അതതു സഭകളിലെ അഷ്ടിക്കു വകയില്ലാത്തവർക്ക് വിതരണം ചെയ്യുവാൻ ആവശ്യപ്പെടുന്നു. 50 ദിവസം ഒരാൾ ഒരു നേരം ഭക്ഷണം വർജിച്ചാൽ ഏറ്റവും ചുരുങ്ങിയത് 500 (50 X RS10) ലഭിക്കുമെങ്കിൽ 3½ ലക്ഷം പേരുള്ള നമ്മുടെ മഹായിടവകയിൽ എത്ര രൂപ ദരിദ്രരുടെ ഉദ്ധാരണത്തിനുണ്ടാകും.

മിസ്സോറാം പ്രസ്ബിറ്റേറിയൻ സഭ പിടിയരിയിൽനിന്നും ലഭിക്കുന്ന ഭീമമായ തുകയാണ് ഒരുവർഷത്തെ മിഷൻപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. ഡോക്ടർമാർ നിർദ്ദേശിക്കുന്നതുവരെ കാത്തിരിക്കാതെ സ്ഥിരീകരണം കഴിഞ്ഞ എല്ലാവരും ഭക്ഷണക്രമീകരണങ്ങളിലൂടെ ഈ മുന്നേറ്റത്തിൽ പങ്കുചേരുകയും വർജനത്തിലൂടെ ദാനത്തിന്റെയും നൽകലിന്റെയും സവിശേഷമായ ഈ മാതൃക സഭ പിന്തുടരേണ്ടത് അനിവാര്യമാണ്.

**വർജ്ജനം-ആന്തരിക വിശുദ്ധി (Inner Purity):** വർജനത്തിന്റെ സന്ദേശത്തോടൊപ്പംതന്നെ നോമ്പുകാലചിന്തകളെ നാം പരിശോധിക്കുമ്പോൾ യോവേൽ പ്രവാചകൻ എല്ലാ പ്രായപരിധിയിലുംപെട്ട വ്യക്തികൾക്ക് പരിഗണന നൽകി ഒരു മുഴുസമൂഹ കാഴ്ചപ്പാട് മുമ്പോട്ടു വയ്ക്കുന്നു. കുഞ്ഞുങ്ങളോട് എന്തായിരിക്കണം നമ്മുടെ സമീപനം, മുതിർന്ന ആളുകളോട്, സ്ത്രീകളോട് എങ്ങനെ സമീപിക്കണം എന്നതിനെ സംബന്ധിച്ച കാര്യമായ കാഴ്ചപ്പാട് നൽകുന്നു. യോവേൽ പ്രവാചകന്റെ വാക്കുകൾ ജൂബിലി കേന്ദ്രീകൃതമായ പ്രവചനങ്ങളാണ്. സകല ജഡത്തിന്മേലും പകരപ്പെടുന്ന ആത്മാവ് നൽകുന്ന നിറവും ആത്മശുദ്ധീകരണവുമാണ് നമുക്കിന്നാവശ്യം. അതുകൊണ്ട് എല്ലാ പ്രായപരിധിയിലുംപെട്ട ആളുകളെ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്ന ഒരു സമീപനമാണ് സഭയ്ക്കാവശ്യം. എന്നാൽ സൺഡേസ്കൂൾ പ്രവർത്തനങ്ങളില്ലാത്ത സഭകൾ നമുക്കുണ്ട് എന്നത് ഖേദകരമാണ്. യുവജന മീറ്റിംഗുകൾ ക്രമീകരിക്കേണ്ടവർ മാറിനിൽക്കുന്നു. ഇത് സഭയുടെ വളർച്ചയോടുള്ള പുറംതിരിയലും നിഷേധവുമാണ്.

**വർജ്ജനം-ആന്തരിക ഉണർവ്വ് (Inner Awakening)**: നോമ്പുകാലം എല്ലാ വിഭാഗങ്ങളിലുംപെട്ട ആളുകൾക്ക് ആത്മീയ ഉന്മേഷവും നവചൈതന്യവും

പകർന്നുനൽകുന്ന അനുഭവമാണ്. എല്ലാ ആളുകളും അവരുടെ ആലസ്യ ഭാവങ്ങളിൽനിന്നും നിസ്സംഗതകളിൽനിന്നും പുറത്തു വരേണ്ടിയിരിക്കുന്നു. സുഖകരമായ തുരുത്തുകൾ (Comfort Zone) നമ്മെ കെടുത്തിക്കളയുന്ന സാഹചര്യങ്ങളാണ്. എന്നാൽ നോമ്പുകാലം പരിശോധനകളുടെയും, ദർപ്പണതുല്യമായ വചനവായനയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന ആത്മീയ കൃപകളുടെയും നിറഞ്ഞ സമ്പന്നമായ അനുഭവങ്ങളാണ് ഒരു വ്യക്തിക്ക് പകർന്നു നൽകുന്നത്.

**വർജനം-ആന്തരിക പുതുക്കം (Inner Renewal)**: നോമ്പ് എല്ലാ ദൈവിക സൃഷ്ടിയും പുതുക്കി വിശുദ്ധീകരിക്കുന്ന പ്രക്രിയകൂടിയാണ്. വസ്തുവകകൾ, വ്യക്തികൾ, വ്യവസ്ഥിതികൾ എല്ലാറ്റിനെയും നോമ്പുകാലത്തിന്റെ പുണ്യതയിൽ വിശുദ്ധീകരിക്കുവാൻ കഴിയണം. അതുകൊണ്ട് 'നിങ്ങളുടെ ശരീരങ്ങളെ, ആത്മാക്കളെ ജീവനും വിശുദ്ധിയുമുള്ള യാഗമായി സമർപ്പിക്കണം' എന്ന കൽപ്പന നമുക്ക് ലഭ്യമായിട്ടുള്ളത്. നോമ്പുകാലത്ത് സഭയൊന്നാകെ ജീവനും വിശുദ്ധിയുമുള്ള യാഗമായി രൂപാന്തരപ്പെടുത്തണം. ഭൂമിയിലുള്ള സർവ്വത്തേയും വിശുദ്ധീകരിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രക്രിയ ആണ്. ജീവിത വിശുദ്ധീകരണത്തിലൂടെ ലഭിക്കുന്ന ശക്തിയാണ് ഒരു വ്യക്തിയുടെ മനഃശക്തി അഥവാ ധർമ്മശക്തി. വിശുദ്ധിക്ക് മാത്രമേ ലോകത്തെ കീഴടക്കാനാവൂ.

**വർജ്ജനം-ആന്തരിക കാഴ്ച (Inner Sight)**: മനുഷ്യന്റെ സ്വാർത്ഥത എപ്പോഴും ദൈവഹിതത്തിന് വിരുദ്ധമാണ്. 'ഞാൻ വിശുദ്ധീകരിച്ചതിനെ മലിനമെന്ന് വിധിക്കരുത്' എന്ന ദൈവീക പ്രഖ്യാപനം ഇതിന്റെ നിദർശനമാണ്. മനുഷ്യന്റെ ശുദ്ധീ-അശുദ്ധി കാഴ്ചപ്പാടുകൾ തികച്ചും വ്യക്തിയധിഷ്ഠിത സ്വാർത്ഥത പൂരിത ചിന്തകളുടെ പരിണിതഫലങ്ങളാണ്. ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പോരാളികൾ വിഭാഗീയതകൾക്കതീതമായി ജീവിക്കുവാൻ കഴിയുന്ന സാഹചര്യമാണ് നമ്മുടെ രാജ്യത്ത് ഒരുക്കിയത്. എല്ലാ ജനങ്ങളിലും തെളിയുന്ന ഈശ്വര സാക്ഷാത്കാരമാണ് ഈ വിശുദ്ധി. അതുകൊണ്ട് ഉപവാസത്തിലൂടെ, നോമ്പിലൂടെ, വൃതാനുഷ്ഠാനങ്ങളിലൂടെ ലോകത്തിൽ ദൈവിക വിശുദ്ധിയുടെ പ്രവാചകരായി ഇരുട്ടിന്റെ ശക്തികളോട് പോരാടുവാൻ കഴിയുന്ന രൂപത്തിൽ ജീവിതത്തിൽ വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ ഏവർക്കുമാവണം.

മാവേലിക്കര ജില്ലാ കൺവൻഷന്റെ മൂന്നാമത് യോഗങ്ങൾ കായംകുളം ബിഷപ്പ് മൂർ വിദ്യാപീഠ് കോമ്പൗണ്ടിൽ ഭംഗിയായി പൂർത്തീകരിക്കപ്പെട്ടു. ജില്ലയുടെ ഐക്യത്തിനും ആത്മീക വർദ്ധനവിനും കൺവൻഷൻ യോഗം മൂലം ഇടയാകുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. മഹായിടവകയുടെ പ്രഥമ സ്വദേശമിഷൻ വയലായ അടൂർ മിഷന്റെ ആഭിമുഖ്യത്തിലുള്ള 4-ാമത് അടൂർ വൈദിക ജില്ലാ മിഷൻ കൺവൻഷൻ അനുഗ്രഹീതമായി ക്രമീകരിക്കപ്പെട്ടു. വർഷങ്ങൾ പിന്നിടുമ്പോൾ ഏറ്റവും ശക്തിമത്തായി ചിട്ടയോടുകൂടി ഈ കൺവൻഷൻ സംഘടിപ്പിച്ചുകാണുന്നതിൽ സന്തോഷിക്കുന്നു.

ജില്ലയിലെ പ്രാദേശിക സഭകളുടെ ഉദ്ധാരണത്തിനും വളർച്ചയ്ക്കും ഈ കൺവൻഷൻമൂലം ഇടവരട്ടെ എന്നു പ്രാർത്ഥിക്കുന്നു. കൺവൻഷൻ സമാപനം കുറിച്ചുകൊണ്ട് നടന്ന പൊതു ആരാധനയെ തുടർന്ന് ഭാഗിക ശ്രവണ ശേഷിയുള്ളവർക്കുവേണ്ടി നാം ആരംഭിക്കുന്ന കോളജിന്റെ കെട്ടിട നിർമ്മാണത്തിനുവേണ്ടി ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കപ്പെട്ടു. ഈ ശുശ്രൂഷയിൽ നൂറുകണക്കിനാളുകൾ പങ്കെടുത്തത് ഏറ്റവും ആവേശകര മായിരുന്നു.

ദ്വിശതാബ്ദി ആഘോഷങ്ങളുടെയും പദ്ധതികളുടെയും ഭാഗമായി നാം ആരംഭിക്കുന്ന ഓഫീസ് കോംപ്ലക്സ് കം റസിഡൻസ് സൗകര്യങ്ങളടങ്ങിയ വൈദിക ഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഇടയായത് സന്തോഷകരമാണ്. എത്രയുംവേഗം ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ദ്വിശതാബ്ദി സമാപന വേദിയിൽ ഉദ്ഘാടനം നിർവ്വഹിക്കു വാനാണ് ആലോചിക്കുന്നത്. ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹ കരണങ്ങൾ പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ വർഷത്തെ ക്രിസ്മസ് ദിനത്തിൽ പൂവത്തൂർ ഇടവകയിലെ ആരാധനയിൽ പങ്കെടുക്കുവാൻ സാധിച്ചു. മെഡിക്കൽ വിദ്യാഭ്യാസം ഉന്നത നിലയിൽ പൂർത്തീകരിച്ച ചെറുപ്പക്കാരനും മാതാപിതാക്കളും പരപ്രേരണ കൂടാതെ വിശ്വാസതീക്ഷ്ണതയിൽ കർത്താവിനെ സ്വീകരിക്കുകയും, ആരാധനാമദ്ധ്യേ അവരുടെ സ്നാനം നിർവ്വഹിക്കുവാൻ കഴിഞ്ഞതും അനു ഗ്രഹകരമായിരുന്നു. 'ഘർ വാപസി' പോലുള്ള ശക്തിപ്രകടനങ്ങളുടെയും ക്യാംപെയിനുകളുടെയും നാളുകളിൽ മതപരിവർത്തനമോ മത പുനഃപരി വർത്തനമോ അല്ല, മറിച്ച് വിശ്വാസബോധ്യത്തിന്റ അടിസ്ഥാനത്തിൽ ഒരു വ്യക്തിയുടെ മതസ്വാതന്ത്ര്യത്തിന്റെ നിദർശനമാണ് മതസ്വീകാരം എന്ന് സി. എസ്. ഐ. സഭ വിശ്വസിക്കുന്നു. അതുകൊണ്ട് കണക്കുകൾപ്രകാരം ഒരു ദിവസം ഒരാളെങ്കിലും ഭാരതത്തിന്റെ ദേശീയ സഭയായ ഈ സഭയിൽ ചേരുന്നു എന്നത് അഭിമാനകരമാണ്.

ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മൂകാഭിനയം (മൈം), ബ്യൂഗിൾ, ഇംഗ്ലീഷ് റസിറ്റേഷൻ എന്നീ വിഭാഗങ്ങളിൽ ബേക്കർ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ 'എ' ഗ്രേഡും ഹൈസ്കൂൾ വിഭാഗത്തിൽ ഒപ്പനയ്ക്ക് എ ഗ്രേഡും നേടി. ദഫ്മുട്ട്, വട്ടപ്പാട്ട് എന്നിവയ്ക്ക് സി. എം. എസ്. കോളജ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ എ ഗ്രേഡ് കരസ്ഥമാക്കി. സമ്മാനാർഹരായ വിദ്യാർത്ഥികളെയും പരിശീലി പ്പിച്ചവരെയും നേതൃത്വം നൽകിയ അധ്യാപകരെയും അഭിനന്ദിക്കുന്നു.

മഹായിടവകയിലെ സീനിയർ ശുശ്രൂഷകരിൽ ഒരാളായ കാറ്റക്കിസ്റ്റ് എം. എം. തമ്പിസാറിന്റെ മാതാവ് കുഞ്ഞമ്മ മത്തായി (97) നിര്യാതയായി. മഹായിടവക കൗൺസിൽ അംഗമായി ദീർഘകാലം സേവനം ചെയ്ത ഭരണിക്കാവ് ഇടവകയിലെ കൗൺസിൽ അംഗം റ്റി. ജെ. ദാനിയേൽ (പാപ്പച്ചായൻ) നിര്യാതനായി. ഇവരിലൂടെ മഹായിടവകയ്ക്ക് ലഭിച്ച സേവന

ങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദുഃഖാർത്തരായ കുടുംബാംഗ ങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മഹായിടവകയുടെ അനുശോചനം അറിയിക്കുന്നു.

തന്മാസത്തിൽ ആലപ്പുഴ, മുണ്ടക്കയം ഇടവകകളിൽ സ്ഥിരീകരണ ശുശ്രൂഷ നടത്തപ്പെട്ടു. സ്ഥാനാർഥികളെ ഒരുക്കിയ റവ. നെൽസൺ ചാക്കോ, റവ. ജേക്കബ് റ്റി. ഏബ്രഹാം എന്നിവരെ അഭിനന്ദിക്കുന്നു. നമ്മുടെ ഇടവകകളിൽ ശരിയായ പരിശീലനത്തോടുകൂടി സ്ഥിരീകരണ ശുശ്രൂഷ സംഘടിപ്പിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു.

മൈസൂർ മിഷനിലെ സെന്റ് പോൾസ് സ്കൂളിനുവേണ്ടി പുതുതായി നിർമ്മിച്ച ഓഫീസിന്റെ പ്രതിഷ്ഠാശുശ്രൂഷ നിർവ്വഹിച്ചു. 8-ാം ക്ലാസ്സ് നടത്തുന്നതിനും, തുടർന്ന് ഹൈസ്ക്കൂൾ വരെ ഉയർത്തപ്പെടുന്നതിനുമുള്ള ഗവൺമെന്റ് അനുമതി നമ്മുടെ സ്കൂളിന് ലഭ്യമായത് സന്തോഷകരമാണ്. മിഷനറി-ഇൻ-ചാർജ് റവ. പ്രമോദ് ജെ. ജോണിന്റെയും, രാജിക്കൊച്ചമ്മ യുടെയും പ്രവർത്തനങ്ങൾ മിഷൻപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന തോർത്ത് സ്തോത്രം ചെയ്യുന്നു.

മുണ്ടിയപ്പള്ളി സഭാംഗമായ ശ്രീ. എ. സി. ജോർജ് സാർ ISC/ICSE സ്കൂളുകളുടെ ദേശീയ സംഘടനയായ Association of School for Indian School Certificate ദേശീയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദന ങ്ങൾ അറിയിക്കുന്നു.

2015-ാമാണ്ട് 'ഉണർവ്വ്' വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ദ്വിശതാബ്ദി കാലയളവ് ഉണർവ്വ് വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത് ആകമാനം മിഷൻപ്രവർത്തനങ്ങളുടെ ഉണർവ്വിനുവേണ്ടി കൂടിയാണ്. ലോക ത്തെ സ്നേഹിച്ച ദൈവം പുത്രനെ നൽകി അതു പ്രദർശിപ്പിച്ചതാണ് മിഷൻ പ്രവർത്തനങ്ങളുടെ അടിസ്ഥാനം. അതുകൊണ്ട് 'ഉണർവ്വിന്റെ മിഷൻ' സ്നേഹത്താൽ ഉണ്ടാകുന്ന ആത്മപ്രേരണയാണ്. ഭാരതത്തിൽ അരങ്ങേറി ക്കൊണ്ടിരിക്കുന്ന പല സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ ദൈവരാജ്യ വീക്ഷണത്തിലെ പാപസംബന്ധിയായ എല്ലാ തിന്മകളും വർദ്ധിച്ചുവരുന്നു. ഒട്ടും വിലയില്ലാത്ത ബന്ധങ്ങളും മനുഷ്യബന്ധങ്ങളുടെ തകർച്ചയും ആന്തരിക ശക്തിയില്ലാത്ത ബന്ധങ്ങളും ഇന്നു സാധാരണമായിക്കൊണ്ടിരി ക്കുന്നു ഈ പശ്ചാത്തലത്തിൽ സഭയിലും സമൂഹത്തിലും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ബന്ധങ്ങളിലെ ഊഷ്മളത വീണ്ടെടുക്കുന്നതിനും, തികഞ്ഞ ദൈവബോധവും നഷ്ടപ്പെടുന്ന ആത്മാക്കളെ കുറിച്ചുള്ള ഭാരവും വീണ്ടെടുക്കണമെങ്കിൽ 'ഉണർവ്വ്' സംഭവിക്കേണ്ടത് നമ്മുടെതന്നെ ഇടങ്ങ ളിലാണ്. മയക്കുമരുന്നില്ലാത്ത രാജ്യം (Drug Free Country), മദ്യരഹിത സംസ്ഥാനം (Liquor Free State), കേസ്രഹിത സഭ (Litigate Free Church) എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളൊക്കെ സാധിതമാകണമെങ്കിൽ സഭ വർജനത്തിന്റെ മാതൃക ഏറ്റെടുക്കേണ്ടിയിരിക്കുന്നു. നമ്മുടെ സമൂഹം ഈ വലിയ സന്ദേശം പ്രചരിപ്പിക്കുവാൻ ഉത്തരവാദിത്തമുള്ളവരാണ്. അടുത്ത

ഒരു വർഷം പ്രാദേശിക സഭകളെയും കുടുംബങ്ങളെയും വ്യക്തികളെയും ആത്മീയമായി ഉണർത്തുന്നതിനും സജീവമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരികയാണ്. ഉണർവ്വ് യോഗങ്ങളും കൂട്ടായ്മകളും സജീവമായ വേദപഠനങ്ങളിലും ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികളിലും സജീവമായി പങ്കെടുക്കുന്നതിന് ഏവരോടും ആവശ്യപ്പെടുന്നു. ഉണർത്തപ്പെട്ടവരായി ദേശത്തിന് ആത്മീയതയുടെ പ്രകാശം പരത്തുന്നവരായി ജീവിക്കുവാൻ ദൈവം ഏവരേയും സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

കോട്ടയം,
20.01.2014

**റൈറ്റ് റവ. തോമസ് കെ. ഉമ്മൻ**
ബിഷപ്പ്.

## ബിഷപ്പിന്റെ 2015 ഫെബ്രുവരി മാസത്തെ പ്രോഗ്രാം

01 ഞായർ : മഹായിടവക കൺവൻഷൻ സമാപനം
മഹായിടവക ദിനം

02 തിങ്കൾ 09.30 a.m. : ബേക്കർ എച്ച്. എസ്. എസ്., കോട്ടയം
10.30 a.m. : ബിഷപ്പ് സ്പീച്ച്ലി സ്മാരക പ്രഭാഷണം – സ്പീച്ച്ലി കോളജ്, പള്ളം
03.00 p.m. : കരോട്

03 ചൊവ്വ 11.30 a.m. : സ്ത്രീജനസഖ്യ എക്സിക്യൂട്ടീവ്

04 ബുധൻ
09.00 a.m.-01.00 p.m. : ഭരണ നിർവ്വഹണം
02.30 p.m. : കായംകുളം ബിഷപ്പ് മൂർ വിദ്യാപീഠ്
05.30 p.m. : വാരിക്കാട് ദൈവാലയ ശിലാസ്ഥാപനം
06.30 p.m. : കൊറ്റൻകുടി – ഐക്യ കൺവൻഷൻ

05 വ്യാഴം : ക്വയറ്റ് ഡേ

06 വെള്ളി : നിലയ്ക്കൽ എക്യുമെനിക്കൽ കമ്മറ്റി– പുലാത്തീൻ അരമന തിരുവല്ല

07 ശനി 09.30 a.m. : കേരള റീജിയണൽ യൂത്ത് കലാമേള ഉദ്ഘാടനം
10.00 a.m.-01.00 p.m. : ബോർഡ് മീറ്റിംഗുകൾ
03.00 p.m. : മാങ്ങാനം – മാർത്തോമാ പള്ളി പ്രതിഷ്ഠ

| | | | |
|---|---|---|---|
| 08 | ഞായർ 09.30 a.m. | : | കുറിച്ചി - സ്ഥിരീകരണം, മദ്ബഹാ ശിലാസ്ഥാപനം |
| | 03.00 p.m. | : | അങ്ങാടിക്കൽ - 150-ാം ജൂബിലി ആഘോഷം |
| | 06.00 p.m. | : | പാത്രിയാർക്കീസ് ബാവയ്ക്ക് സ്വീകരണം-കോട്ടയം |
| 09 | തിങ്കൾ | | |
| | 09.00 a.m.-01.00 p.m. | : | ക്ലർജി ഡേ - പട്ടക്കാരുടെയും, സഭാപ്രവർത്ത കരുടെയും സന്ദർശനസമയം |
| | 03.30 p.m.-05.30 p.m. | : | കോളജ് ഗവേണിംഗ് കൗൺസിലുകൾ |
| 10 | ചൊവ്വ 10.00 a.m. | : | സി. എസ്. ഐ. ലീഗൽ കോളജ് - കാണക്കാരി, കോട്ടയം |
| | 06.30 p.m. | : | മാരാമൺ കൺവൻഷൻ |
| 11-13 | | : | സിനഡ് കമ്മറ്റികൾ- ചെന്നൈ |
| 14 | ശനി | : | ബോർഡ് മീറ്റിംഗുകൾ |
| 15 | ഞായർ 09.30 a.m. | : | കവിയൂർ - സ്ഥിരീകരണം |
| | 02.30 p.m. | : | പള്ളം - ജില്ലാ കൗൺസിൽ |
| | 06.30 p.m. | : | കുറുപ്പുന്തറ - വചനമാരി കൺവൻഷൻ സമാപനം |
| 16-17 | | : | സിനഡ് മീറ്റിംഗുകൾ- ചെന്നൈ |
| 18 | 09.30 a.m. | : | കണ്ണമ്മൂല -ചാമ്പൽ ബുധനാഴ്ച |
| 19 | വ്യാഴം 11.00 a.m. | : | ഹോക്സ്വർത്ത് വിദ്യാപീഠ്, തിരുവല്ല |
| | 02.30 p.m. | : | സി.എം.എസ്. യു. പി സ്കൂൾ, നല്ലാനിക്കുന്ന് 125-ാം ജൂബിലി |
| 20 | വെള്ളി | : | മംഗലാപുരം - സി. എസ്. ഐ മിഷൻ കൺസൾട്ടേഷൻ |
| 21 | ശനി 10.00 a.m. | : | മല്ലപ്പള്ളി ജില്ലാ കൗൺസിൽ |
| | 03.00 p.m. | : | സൗത്ത് പാമ്പാടി-ശതോത്തര ജൂബിലി സമാപനം |
| | 06.30 p.m. | : | മെഡിക്കൽ കോളജ്-സേവനനിലയം 35-ാം വാർഷികം |
| 22-28 | | : | ദക്ഷിണാഫ്രിക്ക |

❖